നം. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2018-ലെ സ്വാശ്രയ മെഡിക്കൽ/ദന്തൽ പ്രവേശനം

### എൻ.ആർ.ഐ വിഭാഗം അപേക്ഷകരുടെ താൽകാലിക ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2018-19 അദ്ധ്യയന വർഷം സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ ലഭ്യമായ 15% എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലെ പ്രവേശനത്തിനായി ആവശ്യപ്പെട്ടിരുന്ന രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്തിരുന്ന അപേക്ഷകരുടെ താൽകാലിക ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അപ്‌ലോഡ് ചെയ്ത രേഖകളിൽ പോരായ്മകൾ ഉണ്ടായിരുന്ന അപേക്ഷകർക്ക് **'KEAM 2018-Candidate Portal'** എന്ന ലിങ്കിലൂടെ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Memo'**എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ എൻ.ആർ.ഐ രേഖകളിലെ അപാകതകൾ സംബന്ധിച്ച വിവരം ലഭ്യമാകുന്നതാണ്. ഇത്തരം അപേക്ഷകർക്ക് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനു മേൽ വെബ്സൈറ്റിൽ **28.06.2018 രാവിലെ 10 മണി** വരെ സൗകര്യം ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനകം അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യാത്തവരെ എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. പര്യാപ്തമായ രേഖകൾ സമർപ്പിച്ച് എൻ.ആർ.ഐ കാറ്റഗറി അനുവദിക്കപ്പെട്ട അപേക്ഷകർക്ക് അവരുടെ പ്രൊഫൈൽ പേജിൽ പ്രസ്തുത കാറ്റഗറി ദൃശ്യമാകുന്നതാണ്.

**കുറിപ്പ്:** സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സമയത്ത് താൽപര്യമുള്ള കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടാ ഓപ്ഷനുകൾ തിരഞ്ഞെടുത്തിരിക്കണം. എൻ.ആർ.ഐ ക്വാട്ടാ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ അവർ എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പോലും എൻ.ആർ.ഐ ക്വാട്ടയിലെ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം **29.06.2018 രാവിലെ 10 മണി** വരെ ലഭ്യമാകുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
25.06.2018

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**